# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 211 — 18.02.2016 ന് മറുപടിക്ക്

### രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുരളീധരൻ<br>,, വി.ഡി.സതീശൻ<br>,, വർക്കല കഹാർ<br>,, സി.പി.മുഹമ്മദ് | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) ആർ.എസ്.ബി.വൈ. പദ്ധതിയനുസരിച്ച് ധനസഹായം നൽകുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) ആർ.എസ്.ബി.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പതിനൊന്ന് വിഭാഗങ്ങളിലെ കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നു. പദ്ധതിയിൽ അംഗമാകുന്നതിന് വേണ്ടി ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും അവർക്ക് എൻറോൾമെന്റ് നടത്തി ആരോഗ്യ കാർഡ് നൽകുകയും ചെയ്യുന്നു. ആർ.എസ്.ബി.വൈ.പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പ്രാഥമിക ഘട്ടം മുതൽ വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും പേപ്പർ ലെസ്സ് / ക്യാഷ് ലെസ്സ് സൗജന്യ ചികിത്സ നൽകുന്നു. പദ്ധതി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന / ജില്ലാ പരാതി പരിഹാരസമിതികൾ നിലവിലുണ്ട്. ഇതിന്റെ ചുവട്പിടിച്ച് ചിസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഉത്തരവിൻ പ്രകാരം നിർദ്ദേശിച്ച മേൽ പട്ടികയിൽപ്പെടാത്ത വിവിധ ക്ഷേമ നിധി ബോർഡിലെ അംഗങ്ങൾ/ പെൻഷൻകാർ /എസ്.സി/ എസ്.ടി ഉൾപ്പെടെ ഇരുപത്തി എട്ട് വിഭാഗങ്ങളിലേയും, മുഴുവൻ കുടുംബങ്ങളെയും പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) ആർ.എസ്.ബി.വൈ.പദ്ധതി പ്രകാരം സമൂഹത്തിന്റെ താഴെത്തട്ടിലുള്ള അസംഘടിത മേഖലയിലെ ജനവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷയോടൊപ്പം ആരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾക്ക് പ്രതി വർഷം മുപ്പതിനായിരം രൂപയുടെ സൗജന്യ ചികിത്സാസഹായം നൽകി വരുന്നു. |

| | |
|---|---|
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) ആർ.എസ്.ബി.വൈ.പദ്ധതി നടത്തിപ്പിനായി പദ്ധതിയുടെ പ്രാരംഭ ഘട്ടം മുതൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് ചിയാക് എന്ന നോഡൽ ഏജൻസി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ആർ.എസ്.ബി.വൈ.പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഉന്നതാധികാര മേൽനോട്ട സമിതി രൂപീകരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ പദ്ധതി സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാരസമിതികൾ നിലവിലുണ്ട്. ഭരണപരമായ മേൽനോട്ടം വഹിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മീറ്റിയും ഗവേണിംഗ് ബോഡിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ